www.keralapsc.gov.in

E-mail: doclt.psc@kerala.gov.in
Phone : 0495-2371971

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്: കോഴിക്കോട്

നമ്പർ : D I -1/50010/2018-KPSC-DOKKD

കോഴിക്കോട്
20.07.2024

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള താഴെ പറയുന്ന സാധന സാമഗ്രികൾ 06.08.2024 ന് ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്.

(a) Wooden Reaper rack 180x45x180 – 9 എണ്ണം

(b) High back Revolving Chair - 5 എണ്ണം

(c) Revolving Chair Medium - 3 എണ്ണം

(d) Arm Chair ratten seat and Back - 4 എണ്ണം

(e) Iron ladder 250x30 cm - 1 എണ്ണം

(f) Iron rack 90x40x90 - 1 എണ്ണം

(g) Iron rack plate - 1 എണ്ണം

(h) Iron rack 180x90x30 - 2 എണ്ണം

**നിബന്ധനകൾ**

1. ക്വട്ടേഷൻ സമർപ്പിക്കാൻ താല്പര്യമുള്ളവർക്ക് 05.08.2024 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസിനുള്ളിൽ ലേല സാമഗ്രികൾ നേരിൽ കണ്ട് പരിശോധിക്കാവുന്നതാണ്.

2. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സാധനങ്ങൾക്ക് ഓരോന്നിനും പ്രത്യേകമായി വിലകൾ രേഖപ്പെടുത്തി ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. (a) മുതൽ (h) വരെയുള്ള ഇനങ്ങൾക്ക് ആകെ 1500/- രൂപയുടെ നിരത ദ്രവ്യം തിരുവനന്തപുരത്ത് മാറാവുന്ന വിധം 'സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ഡിമാൻഡ് ഡ്രാഫ്റ്റ് ഉൾപ്പെടുത്താത്ത ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.

3. മുദ്ര വെച്ച ക്വട്ടേഷനുകൾ ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്, കോഴിക്കോട് എന്ന വിലാസത്തിൽ 05.08.2024 വൈകുന്നേരം 2 മണിയ്ക്കുള്ളിൽ ഈ ഓഫീസിൽ ലഭിക്കത്തക്ക വിധം തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

4. ദിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

5. ഡിമാൻഡ് ഡ്രാഫ്റ്റുകൾ ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

6. 06.08.2024 തീയതി ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ ക്വട്ടേഷനുകൾ സ്വീകരിച്ച് ബന്ധപ്പെട്ട ലേല സാമഗ്രികൾ നൽകുന്നതായിരിക്കും. മറ്റുള്ളവർക്ക് നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതാണ്. ലേലം നേടുന്നയാൾ നിരത ദ്രവ്യം കഴിച്ചുള്ള ബാക്കി തുക നിയമ പ്രകാരമുള്ള GST ഉൾപ്പെടെ അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ലേല സാമഗ്രികൾ കൈപ്പറ്റേണ്ടതുമാണ്.

7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ ജീവനക്കാർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

8. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതും ജില്ലാ ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

9. വിവരങ്ങൾക്ക് 0495-2371971 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

Sd/-
അനിത. എസ്
ജില്ലാ ഓഫിസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ് , കോഴിക്കോട്

പകർപ്പ്
1) പി ആർ യൂണിറ്റ് 2) എൻക്വയറി 3) നോട്ടീസ് ബോർഡ് 4) വെബ് സൈറ്റ്